പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2720 — 27-01-2014 - ൽ മറുപടിയ്ക്ക്

ബാവിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) : | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ ബാവിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) കാസറഗോഡ് ജില്ലയിലെ ബാവിക്കര റഗുലേറ്ററിന്റെ പ്രവൃത്തി 119 മീറ്റർ ഉള്ളതിൽ ഏകദേശം 58 മീറ്ററോളം ഡൗൺസ്ട്രീം കട്ട് ഓഫ് വാൾ ഒഴികെ പണി പൂർത്തീകരിച്ചു. ബാക്കി 61 മീറ്ററോളം പൂർത്തീകരിക്കാനുണ്ട്. |
| (ബി) കാസർഗോഡ് മുൻസിപ്പാലിറ്റിയിലും സമീപ പഞ്ചായത്തുകളിലും കുടിവെള്ളം നൽകുന്നതിനായുള്ള പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി മന്ദഗതിയിലാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ചില സാങ്കേതിക വിഷമതകൾ പരിഹരിക്കുന്നതിന് വകുപ്പ് തലത്തിൽ ഉന്നതതലയോഗം ചേർന്നിരുന്നുവോ; യോഗതീരുമാനങ്ങൾ എന്തൊക്കെയായിരുന്നു; വിശദാംശങ്ങൾ അറിയിക്കുമോ; | (സി) പ്രസ്തുത റഗുലേറ്ററിന്റെ നിർമ്മാണ പുരോഗതി അവലോകനം ചെയ്യുന്നതിനായി 4/9/13 ൽ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിന്റെ മിനിട്ട്സ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. കൂടാതെ 26/11/2013-ന് ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി) യുടെ കാര്യാലയത്തിൽ വച്ച് ചേർന്ന മീറ്റിംഗിൽ ഇതു സംബന്ധിച്ച് ചർച്ചകൾ നടത്തുകയും താഴെപറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.<br><br>1) നദിയുടെ രണ്ടു കരയിലും വരുന്ന അറ്റത്തെ സ്പാനുകളിൽ മുഴുവനായുള്ള ഷട്ടർ കൊടുത്തുള്ള റഗുലേറ്റർ പണിയാനും നിർമ്മാണം പൂർത്തിയാക്കിയ പകുതി ഭാഗത്ത് തടയണ കൊടുക്കുവാനും തീരുമാനിച്ചു.<br>2) രണ്ടു ഷട്ടറിന്റെയും താഴെയുള്ള ഭാഗത്തെ നിരപ്പ് - 1.00 ൽ നിർത്താൻ തീരുമാനിച്ചു.<br>3) പകുതി നിർമ്മാണം പൂർത്തിയായ ഭാഗത്ത് കോൺക്രീറ്റ് ഏപ്രണിന്റെ അറ്റത്ത് കൊടുത്തിരിക്കുന്ന ചതുരാകൃതിയിലുള്ള കിണറുകൾക്കു പകരം സ്റ്റീൽ ഷീറ്റ് പൈൽ കൊടുക്കുവാനും തീരുമാനിച്ചു. |

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക വിഷമതകൾ പരിഹരിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട കരാറുകാരന് വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) മേൽ പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാവും എന്ന് അറിയിക്കാമോ?

(ഡി) & (ഇ) സാങ്കേതിക വിഷമതകൾ പരിഹരിച്ച് ബാക്കി പ്രവൃത്തികളുടെ രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വകുപ്പുതലത്തിൽ നടന്നു വരുന്നു. പ്രസ്തുത രൂപരേഖ പ്രകാരമുള്ള എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്ന മുറയ്ക്ക് പണിപൂർത്തീകരിക്കാൻ വേണ്ടുന്ന നടപടി സ്വീകരിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ.**

**ബാവിക്കര റഗുലേറ്ററിന്റെ നിർമ്മാണ പുരോഗതി അവലോകനം ചെയ്യുന്നതിനായി, 4-09-2013, 4.30 ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പു മന്ത്രി അദ്ദേഹത്തിന്റെ ചേംബറിൽ വിളിച്ചു ചേർത്ത യോഗത്തിന്റെ മിനിറ്റ്സ്.**

യോഗം 4.30 ന് ആരംഭിച്ചു

പങ്കെടുത്തവരുടെ പേരു വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

ബഹു:ജലസേചന വകുപ്പ് മന്ത്രി, മന്ദഗതിയിൽ നടന്നുവരുന്ന ബാവിക്കര റെഗുലേറ്റർ നിർമ്മാണ പ്രവൃത്തി ത്വരിതപ്പെടുത്തുവാൻ എന്താണ് തടസ്സങ്ങൾ എന്ന് ആരാഞ്ഞു.

കോഴിക്കോട് മൈനർ ഇറിഗേഷൻ വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ താഴെപറയും പ്രകാരം വിശദീകരിച്ചു. പദ്ധതി തുടങ്ങുന്നതിനുവേണ്ടി ഇനിഷ്യൽ ലെവൽസ് എടുത്തപ്പോൾ നദിയുടെ മദ്ധ്യഭാഗം മുതൽ ഇടതുകര വരെയുള്ള ഭാഗത്ത് നദിയുടെ അടിത്തട്ട് ഏകദേശം 2 മീറ്റർ മുതൽ 3 മീറ്റർ വരെ താഴ്ന്നിരിക്കുന്നതായി മനസ്സിലായി. ഏതാണ്ട് 5 $^1/_2$ കൊല്ലം മുമ്പ് ലെവൽസ് എടുത്തിട്ട് ആണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഈ 5 $^1/_2$ കൊല്ലത്തിനുള്ളിൽ ഏതാണ്ട് $^1/_3$ ഭാഗം നിർമ്മിച്ച കെട്ടിന്റെ ഇടതുഭാഗത്തുകൂടി വെള്ളം ശക്തിയായി ഒഴുകിയതും, അനധികൃതമായ മണൽ ഖനനവും നദിയുടെ അടിത്തട്ട് താഴ്ന്നുപോകുന്നതിന് കാരണമാകുകയും ചെയ്തു.

വെള്ളം സംഭരിക്കാൻ വേണ്ടി തൂണുകൾക്കിടയിൽ രണ്ടു നിരകളിലായി മരപ്പലകകളും പലകകൾക്കിടയിൽ കളിമണ്ണ് നിറച്ചിട്ടുള്ള സംവിധാനവുമാണ് ഉള്ളത്. നടന്നു പോകാനുള്ള വഴിക്ക് സ്ഥലം ലഭ്യമല്ലാത്തതുകൊണ്ടും പലകയിടാനായി വളരെ പ്രായോഗിക ബുദ്ധിമുട്ട് ഉള്ളതുകൊണ്ടും ഓരോകൊല്ലവും ഏതാണ്ട് 5 $^1/_2$ ലക്ഷം രൂപയിൽ കൂടുതൽ ചെലവും ഉദ്ദേശം 15% വർദ്ധനവും വച്ച് 10 കൊല്ലത്തേക്ക് കണക്കാക്കിയാൽ വാർഷിക അറ്റകുറ്റ പ്രവൃത്തിക്ക് തന്നെ ഏതാണ്ട് 2 $^1/_2$ കോടി രൂപ ചെലവ്

പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ഭാഗം ഒരു ഓവർഫോളോടൈപ്പ് വീയർ ആയി നിർമ്മിച്ചാൽ മേൽപ്പറഞ്ഞ ബാദ്ധ്യതകളും മെയിന്റനൻസിൽ നേരിടുന്ന ബുദ്ധിമുട്ടുകളും ഒഴിവാക്കാൻ സാധിക്കും.

കട്ട്ഓഫ് വാളിന് വേണ്ടി നിർദ്ദേശിച്ചിട്ടുള്ള ചതുരാകൃതിയിലുള്ള കിണർ, പദ്ധതിയുടെ ഉദ്ദേശമായ ഉപ്പുവെള്ളം തടയുന്നതിന് പര്യാപ്തമല്ല എന്ന് ടി പ്രവൃത്തി നടക്കുമ്പോൾ ഉണ്ടായ അനുഭവങ്ങൾ കൊണ്ട് ബോധ്യപ്പെട്ടു. കിണറുകൾ തമ്മിലുള്ള വിടവ് കോൺക്രീറ്റിങ്ങ്, കിണറിന്റെ അകവശം കോൺക്രീറ്റ് പ്ളഗിംങ്ങ് എന്നിവ ചെയ്യുവാൻ സാധിക്കുകയില്ല. കാരണം ഏതാണ്ട് 3 $^{1}/_{2}$ മീറ്റർ താഴ്ചയിൽ കൂടുതൽ താഴ്ത്തുമ്പോൾ മുകളിലേക്ക് വളരെയേറെ ശക്തിയായ ഒഴുക്ക് അനുഭവപ്പെട്ടു. മാത്രമല്ല വശങ്ങളിൽ നിന്നും വളരെ ശക്തിയോടെ ഒഴുകുന്നതിനാൽ കോൺക്രീറ്റ് ചെയ്യുമ്പോൾ അത് ഫലപ്രദം ആകുകയുമില്ല. ആയതിനാൽ ഉപ്പുവെള്ളം കയറാതെയുള്ള ഷീറ്റുപൈൽ ഡ്രൈവിംഗ് സംവിധാനം ഉപയോഗിച്ചുള്ള പ്രവൃത്തിയാണ് വേണ്ടത് എന്ന് അഭിപ്രായപ്പെട്ടു.

ഈ പ്രവൃത്തിയുടെ ടെൻഡർ എക്സസ് അനുവദിക്കുന്നതിന് 2 പ്രാവശ്യം മന്ത്രിസഭയുടെ പരിഗണന തേടിയതാണെന്നും അപ്പോഴൊന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇപ്രകാരമുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ കൊണ്ടുവന്നില്ലായെന്നും അപ്രകാരം ശ്രദ്ധയിൽ കൊണ്ടുവരേണ്ടത് ബന്ധപ്പെട്ടവരുടെ ചുമതലയാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

ഇതിന് ഒരു പരിഹാരമെന്തെന്നും ആയതിന് എത്ര ചെലവു വരുമെന്നും ബഹുമാനപ്പെട്ട മന്ത്രി ആരായുകയുണ്ടായി. രണ്ടു കരകളിലും ഏറ്റവും ചുരുങ്ങിയ നീളത്തിൽ സംരക്ഷണഭിത്തി ഉൾപ്പെടുത്തുവാനും മെക്കാനിക്കൽ ഷട്ടറുകൾ, ഇലക്ട്രിക് പ്രവൃത്തികൾ മുതലായവയും ഒരു നടപ്പാതയും കൂടി നിർമ്മിക്കുവാനുമുള്ള സാധ്യതയും കണക്കാക്കി ഏതാണ്ട് 2 $^{1}/_{2}$ കോടിയുടെ സിവിൽ വർക്കും ഇതിനു പുറമേ 1 കോടിയുടെ മെക്കാനിക്കൽ ഷട്ടറിന്റെയും ഇലക്ട്രിക്ക് പ്രവൃത്തികളുടെയും ഇനത്തിൽ വരുന്ന അധിക

തുകയും ഉൾപ്പെടുത്തി ഇനി ഭാവിയിൽ ഒരു മാറ്റവും വരാൻ പാടില്ലാത്ത വിധത്തിൽ ഒരു രൂപരേഖ തയ്യാർ ചെയ്യേണ്ടതാണെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.

ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി, ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും, ചീഫ് എഞ്ചിനീയർ മെക്കാനിക്കൽ തുടങ്ങിയ ഉദ്യോഗസ്ഥർ ഒരു സൈറ്റ് ഇൻസ്പെക്ഷൻ നടത്തി ഉന്നതതല യോഗം ചേർന്ന് ഇനി എന്തൊക്കെ മാറ്റങ്ങൾ ആണ് വേണ്ടതെന്ന് നിർദ്ദേശിക്കണമെന്നും പ്രസ്തുത design ചീഫ് എഞ്ചിനീയർ മെക്കാനിക്കൽ ഉൾപ്പെടെയുള്ളവർ certify ചെയ്യണമെന്നും ആയതിൻ പ്രകാരമുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കണമെന്നും യോഗം തീരുമാനിക്കുകയുണ്ടായി.

ടി പ്രൊപ്പോസൽ ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട് പരിശോധിക്കുവാനും തീരുമാനമായി.

യോഗം 5.30 ന് സമാപിച്ചു.

Bina

സെക്രട്ടറി